# GHSS MUNNURCODE

# DIGITAL MAGAZINE 2019-20



വിജ്ഞാനത്തിന്റെ ലോകത്ത്
പട്ടം പോലെ പറക്കാൻ
അവസരം ലഭിച്ച എല്ലാ
കൂട്ടുകാർക്കും ...

# ഹെൽമെറ്റ്

ഞാൻ രക്ഷിച്ച ,പുളക്കേണ്ട ജീവൻ
വഴുതി മാറി ,തുടിക്കേണ്ട രക്തം
അറ്റുപോവേണ്ട തലച്ചോറുകൾ
കുറ്റംപറയേണ്ട നാട്ടുകാർ
മൂക്കുവലിക്കേണ്ട അയൽവാസികൾ
മറന്നാൽ പിഴ വാങ്ങേണ്ട കാക്കിക്കരങ്ങൾ
ഓർമയാകേണ്ട ബന്ധങ്ങൾ
നിലച്ചുപോവേണ്ട സന്തോഷങ്ങൾ
എല്ലാത്തിനും കാരണം
ഞാനാണെന്നറിഞ്ഞിട്ടും
മൗനം പാലിക്കുന്ന  കറുത്ത വഴികൾക്കു പിന്നിൽ
ഗർജിക്കുന്ന ഇരുചക്രം  പോലെ
ചീറിപ്പായുന്ന കാലം ...

സുൽത്താന
9 എ

# DIGITAL POOKKALAM

# TEAM CHEMPAKAM



Happy Onam

# TEAM GULMOHAR




TEAM MANDARAM
HAPPY ONAM 2019

TEAM NISHAGANDHI




2019



MANIKANDAN.P.P.
8-B



IMAGES GHSS MUNNURCODE





DHEERAJ
9 B



MUHAMMED SINAN

9 B



AKSHAY KRISHNAN
9 B



HARINANDAN
9 B

# ഇരുട്ട്

ഓലമേഞ്ഞ ഒരു ചായക്കടയായിരുന്നു അത്. ധാരാളം മിഠായികൾ വിവിധ വർണങ്ങളിലായി ഉണ്ടായിരുന്നു. ഞാൻ മിഠായി വാങ്ങാൻ കടയിൽ കയറി. അപ്പോഴാണ് അവൾ എൻറ്റെ ശ്രു

ദ്ധയിൽ പെട്ടത്. ഒമ്പതോ പത്തോ വയസ്സ് തോന്നിക്കുന്ന ഒരു കുട്ടി. ആ കുട്ടി കടയുടെ മുമ്പിൽ അക്ഷമയായി നിൽക്കുന്നു. എന്തോ ഒരു ഭയം ആ കുട്ടിയെ അലട്ടുന്നുണ്ടായിരുന്നു. മോളെ ,ഇതാ ,എത്രയാ ചേട്ടാ വില ? പത്തു പൈസ. മേഘങ്ങൾ കറുത്ത് ഇരുണ്ടിരുന്നു. മഴ പെയ്യാനുള്ള ഒരുക്കത്തിലാണവർ. ഞാൻ അടുത്തുള്ള ഒരു ഓലമേഞ്ഞ ഷെഡ്ഡിലേക്കു കയറി. എൻറ്റെ ദൃഷ്ടി വീണ്ടും ആ കുട്ടിയുടെ മുഖത്തേക്കു നീങ്ങി.എൻറ്റെ നോട്ടം അവൾ ശ്രദ്ധിച്ചിരുന്നു. അവളെ കണ്ടപ്പോൾ തന്നെ എൻറ്റെ ഉള്ളിൽ സംശയമുതിർന്നിരുന്നു. ഇപ്പോളാണ് അത് എൻറ്റെ ശ്രദ്ധയിൽ പെട്ടത്. അവളുടെ കയ്യിൽ എന്തോ ഉണ്ട്. അവളത് ഒളിപ്പിക്കാൻ ശ്രമിക്കുന്നു. മഴ നീങ്ങിപ്പോയി. തെളിഞ്ഞ ആകാശം. അവൾ നടന്ന് നീങ്ങി. ഞാൻ അവളെ പിന്തുടർന്നു. ഞാൻ പിന്തുടരുന്നുണ്ടെന്ന് അവൾക്ക് മനസ്സിലായിക്കാണും അതാണവൾ തിരിഞ്ഞു നോക്കിയത്. ഞാനൊരു വീടിനു പിറകിൽ മറഞ്ഞു നിന്നു. അവൾ വീണ്ടും തിരിഞ്ഞുനോക്കി. ഞാൻ പോയി എന്ന് അവൾ ഉറപ്പ് വരുത്തി. അവളുടെ കയ്യിൽ ഉള്ള സാധനം ഇപ്പോഴാണ് ഞാൻ കണ്ടത്. അതൊരു സമ്മാനപ്പൊതി ആയിരുന്നു. അവൾ അത് ഉപേക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ അവൾക്കരികിൽ ഒരാൾ വന്നു. എന്താ മോളെ ഇവിടെ ഒറ്റയ്ക്ക് ? എന്ന് ചോദിച്ചു. അവൾ ഒന്നും മിണ്ടിയില്ല. അവൾ വീണ്ടും നടന്ന് നീങ്ങി. അവളുടെ കണ്ണിൽ പെടാതെ ഞാൻ അവളെ പിന്തുടർന്നു. ഒരു കുറ്റിക്കാട്ടിലെത്തി. അവൾ ആ സമ്മാനപ്പൊതി വലിച്ചെറിഞ്ഞു. പിന്നെ അവളെ കാണാനില്ല. അവളുടെ ഒരു നിഴൽ പോലും അവിടെയില്ല. ഞാൻ സ്തംഭിച്ചു നിന്നു. ഞാൻ തിരിച്ചുനടന്നു. ആ സമ്മാനപ്പൊതിയിലെന്തെന്നറിയാൻ എനിക്ക് ആകാംക്ഷ തോന്നി. ഞാൻ വീണ്ടും ആ കാട്ടിലേക്ക് പോയി. എൻറ്റെ ഉള്ളിൽ ഭയമുണ്ടായിരുന്നു. എങ്കിലും ഞാൻ പോയി. മുൾച്ചെടികൾക്കിടയിലാണ് ആ പൊതി ചെന്നു വീണത്. അത് വലിച്ചെടുക്കാൻ ഞാൻ കുറേ പ്രയാസപ്പെട്ടു. എൻറ്റെ കൈ കീറി. വേദനയൊന്നും വന്നില്ല. സമ്മാനപ്പൊതി തിരിച്ചും മറിച്ചും ഞാൻ നോക്കി. പൊട്ടിക്കാൻ തുടങ്ങിയപ്പോഴാണ് വീട്ടിലെത്തിയിട്ടാവാം എന്ന് ഞാൻ ചിന്തിച്ചത്. ഞാൻ ബാഗിലിട്ടു. വീട്ടിലെത്തിയപ്പോഴാണ് അമ്മയുടെ ചോദ്യം; ഇയെന്തേയ് ഇന്ന് വൈകി ? കൈ

പൊളിഞ്ഞിട്ടുണ്ടല്ലോ ? എന്തേണ്ടായി ? ഒന്നുല്ലമ്മച്ച്യേ....ഞാൻ കാപ്പി കുടിച്ചു. എഴുതാനെന്ന് പറഞ്ഞ് മുറിയിൽ കയറി. ബാഗ് തുറന്ന് സമ്മാനപ്പൊതി എടുത്തു. അപ്പോഴാണ് അനുചേച്ചീ .... എന്ന് വിളിച്ച് അനിയത്തി വന്നത്. ഞാൻ പൊതി ബാഗിൽ ഇട്ടു. ഇന്നെന്തേയ് ഇട്ടായി തരാഞ്ഞ് ?ഞാൻ കടയിൽ നിന്ന് വാങ്ങിയ മിഠായി അവളെ എടുത്തിട്ട് ഒരു ഉമ്മകൊടുത്ത് കൈയ്യിൽ കൊടുത്തു. ഞാൻ വേഗം എഴുതാൻ തുടങ്ങി. മതി എഴുതിയത് കഞ്ഞി കുടിക്കാൻ വന്നേയ്,ഞാൻ വേഗം കഞ്ഞി കുടിച്ചു. പിന്നെ മുറിയിൽ വന്ന് ഉറങ്ങി. രാവിലെ എഴുന്നേറ്റപ്പോഴാണ് സ്കൂളിൽ പോകേണ്ട തിരക്ക്. പുസ്തകങ്ങളെല്ലാം ബാഗിലിട്ടു. അപ്പോഴാണ് സമ്മാനപ്പൊതി എൻറ്റെ ദൃഷ്ടിയിൽ പെട്ടത്. വീട്ടിൽ വെക്കുന്നത് അപകടമാണ് ബാഗിൽ തന്നെ ഇട്ടു കൊണ്ട് ഞാൻ സ്കൂളിൽ പോയി. സമ്മാനപ്പൊതി കിട്ടിയ മുതൽ എന്തോ എന്നെ പിന്തുടരുന്നതായി എനിക്ക് തോന്നി. സ്കൂളിലെ ഉച്ചഭക്ഷണത്തിന് ശേഷം ആരുമില്ലാത്ത സമയം ഞാൻ ആ പൊതി തുറന്നു. അത് ഒരു ടോർച്ചായിരുന്നു.ഞാനത് ഓണാക്കി. ക്ലാസിൽ മുഴുവൻ ഇരുട്ട് കൂരാകൂരിരുട്ട് . അത് സ്കൂളിന് ചുറ്റും പടർന്നു. ടോർച്ച് ഓഫാക്കി ഞാൻ ബാഗിലിട്ടു. എല്ലാവരും ഉച്ചക്കിരുട്ടോ എന്ന് പറഞ്ഞ് അമ്പരന്നു. ഈ വാർത്ത ഗ്രാമത്തിലാകെ പടർന്നു. ഞാൻ വീട്ടിലെത്തിയ ശേഷം മുറിയിൽ ചെന്ന് കതക് കുറ്റിയിട്ടു. ടോർച്ച് ഓണാക്കി. വീണ്ടും ഇരുട്ട്. മുറിയിലാകെ ഇരുട്ട്. ഗ്രാമത്തിലും പരന്നു. ഈ വാർത്ത പത്രത്തിൽ വരേ വന്നു. ഞാനത് കട്ടിലിന് ചുവട്ടിൽ വച്ചു. പിറ്റേ ദിവസം രാവിലെ അച്ഛൻ ഇതെവിടുന്നാ മോളേ ,പുതിയ ടോർച്ച് എന്ന് ചോദിച്ചു. ഞാൻ തല കറങ്ങി വീണു. മോളേ ....അമ്മൂ....എഴുന്നേൽക്ക് മോളേ.... ഞാൻ ഉറങ്ങുകയായിരുന്നു. ഇതൊരു സ്വപ്നമായിരുന്നു. അമ്മേ... എന്ന് വിളിച്ചു കൊണ്ട് ഞാൻ അമ്മയെ കെട്ടിപ്പിടിച്ചു. സ്വപ്നം മുഴുവൻ ഞാൻ അമ്മക്ക് പറഞ്ഞു കൊടുത്തു. അമ്മ ചോദിച്ചു, ഉച്ചക്ക് ഇരുട്ടോ?......

ഷബ്ന

10- എ



FATHIMA SHIFA
8A



VINAYA
10B




DILJITH
10 B






OFFICE
POLICE




SSLC BATCH 2018-19, GHS, MUNNURKODE



MEHAROOBA
9 B



ശുഭം